"ഭരണഭാഷ - മാതൃഭാഷ"

അടിയന്തിരം

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/6661/16

ചാക്ക, തിരുവനന്തപുരം
തീയതി: 04.07.2016

### ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2016 - സ്വകാര്യ ഐ.ടി.ഐ. കളിലെ പരീക്ഷാ നടത്തിപ്പ് - ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

----------

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ എഴുത്ത് പരീക്ഷകൾ ഗവൺമെന്റ് ഐ.ടി.ഐ. കളെ കൂടാതെ തെരഞ്ഞെടുത്തിട്ടുള്ള സ്വകാര്യ ഐ.ടി.ഐ. കളിലും വച്ച് നടത്തിവരുന്നു. സ്വകാര്യ ഐ.ടി.ഐ. കളിലെ ട്രെയിനികളുടെ പ്രാക്ടിക്കൽ പരീക്ഷകൾ അതത് ഐ.ടി.ഐ.കളിൽ വച്ചാണ് നടത്തിവരുന്നത്. എഴുത്ത് പരീക്ഷകളുടെ സുഗമമായ നടത്തിപ്പിലേക്കായി പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള സ്വകാര്യ ഐ.ടി.ഐ. കളിൽ പരീക്ഷാ നടത്തിപ്പിലേക്കായി ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ (ഡസ്ക്/ബഞ്ചുകളുടെ ലഭ്യത, ഉത്തരക്കടലാസുകൾ സുരക്ഷിതമായി സൂക്ഷിക്കാനുള്ള സൗകര്യം, കംപ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യം, പ്രിന്റർ തുടങ്ങിയവ) അതത് സ്ഥാപനമേധാവികൾ നോഡൽ പ്രിൻസിപ്പാൾമാരുമായി ബന്ധപ്പെട്ട് അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്.

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ പ്രാക്ടിക്കൽ മാർക്കുകൾ ഈ പരീക്ഷ മുതൽ ഓൺലൈനായി രേഖപ്പെടുത്തുന്ന സംവിധാനം ആണ് ആവിഷ്കരിക്കുന്നത്. ഇതിനായി കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ഷൻ, പ്രിന്റർ സൗകര്യം എന്നിവയുടെ തങ്ങളുടെ സ്ഥാപനത്തിലെ ലഭ്യത അതത് സ്ഥാപനമേധാവികൾ പരിശോധിച്ച് കർശനമായും ഉറപ്പാക്കേണ്ടതാണ്. ജി1/35222/11 നമ്പരായുള്ള 24-12-2014 ലെ ചുറ്ററിയിപ്പ് പ്രകാരം നിലവിലെ നോഡൽ ഐ.ടി.ഐ.കളെ പുനഃക്രമീകരിച്ചിരുന്നു. ടി നോഡൽ ഐ.ടി.ഐ.

പ്രിൻസിപ്പാൾമാർ തങ്ങളുടെ അധീനതയിൽ വരുന്ന പരീക്ഷാ കേന്ദ്രമായ സ്വകാര്യ ഐ.ടി.ഐ. കളിൽ നേരിട്ട് സന്ദർശനം നടത്തി എഴുത്ത് പരീക്ഷ/പ്രാക്ടിക്കൽ പരീക്ഷ നടത്തുന്നതിനാവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ടി സ്ഥാപനങ്ങളിൽ ഉണ്ടോയെന്ന വിവരം പരിശോധിച്ച് ഉറപ്പാക്കേണ്ടതും ജില്ലാതല നോഡൽ പ്രിൻസിപ്പാൾമാരെ ടി വിവരം അറിയിക്കേണ്ടതുമാണ്. ജില്ലാതല നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ അവരുടെ അധീനതയിൽ വരുന്ന സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./ സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാരുടെ യോഗം അടിയന്തിരമായി വിളിച്ചു ചേർത്ത് ടി വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനം എടുക്കേണ്ടതാണ്. ബന്ധപ്പെട്ട ഐ.ടി. മാർ ടി മീറ്റിംഗുകളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. 20-7-2016 മുതൽ പ്രാക്ടിക്കൽ പരീക്ഷകൾ നടക്കും എന്നുള്ളതിനാൽ ടി നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഐ.ടി. മാർക്കും
എല്ലാ ഗവ./സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/05.07